**<u>വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം</u>**

**<u>(അവതരണം : ANIE JULA THOMAS I A S)</u>**

നം.DIC/12656/2018-ED3 തീയതി : 27-11-2024

വിഷയം:- വ്യവസായം- ജീവനക്കാര്യം- സീനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

പരാമർശം:-

1. 28.07.2024 ലെ വ്യവസായ വാണിജ്യ ഡയരക്ടറുടെ നടപടിക്രമം നം. DIC/12656/2018-ED3.
2. 08.08.2024 ലെ വ്യവസായ വാണിജ്യ ഡയരക്ടറുടെ നടപടിക്രമം നം. DIC/12656/2018-ED3.
3. 16.05.2024 തീയതിയിലെ ശ്രീമതി.ബിജി.എസ്, ജൂനിയർ സൂപ്രണ്ടിന്റെ സ്ഥലംമാറ്റ അപേക്ഷ.
4. ഒ.എ (EKM) നം.1077/2024-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.08.2024-ലെ ഉത്തരവ്.
5. 26.10.2024 തീയതിയിലെ സ.ഉ.(സാധാ) നം.1042/2024/ID നമ്പർ ഉത്തരവ്.
6. 17.11.2024 തീയതിയിലെ സി.എഫ്.എസ്.സി ഡെപ്യൂട്ടി ഡയരക്ടറുടെ നടപടിക്രമം നം. CFSCCH/791/2024-E1.

**<u>ഉത്തരവ്</u>**

1. വ്യവസായ വാണിജ്യ വകുപ്പിൽ എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീമതി.ബിജി.എസ്സിനെ പരാമർശം(1) പ്രകാരം സ്ഥാനക്കയറ്റം നൽകി പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിയമിക്കുകയും തുടർന്ന് പരാമർശം(2) പ്രകാരം പരാമർശം(1) ഉത്തരവ് ഭേദഗതി വരുത്തി ടിയാളെ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമിക്കുകയും ചെയ്തിരുന്നു. വകുപ്പിന്റെ മേൽ തീരുമാനത്തിനെതിരെ ശ്രീമതി.ബിജി.എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും , ടിയാളുടെ പരാമർശം(3) നിവേദനം പരിഗണിച്ചു ടിയാളെയും , മറ്റു എതിർ കകക്ഷികളെയും നേരിൽകേട്ട് ഉചിതമായ തീരുമാനമെടുക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനു നിർദേശം നൽകി, പരാമർശം(4) പ്രകാരം ബഹു. ട്രിബ്യൂണൽ ഉത്തരവാകുകയും ചെയ്തിരുന്നു .

2. സർക്കാർ ശ്രീമതി.ബിജി.എസ് സീനിയർ സൂപ്രണ്ടിനെയും മറ്റു എതിർ കക്ഷികളെയും നേരിൽ കേട്ടു , പരാമർശം(5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും , അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം(4) വിധി നടപ്പിൽ വരുത്തുകയും , അതിനനുസൃതമായി മറ്റു സ്ഥലം മാറ്റ ക്രമീകരണങ്ങൾ നടത്തുവാൻ വ്യവസായ വാണിജ്യ ഡയരക്ടർക്ക് നിർദേശം നൽകിയിട്ടുള്ളതുമാണ്. പരാമർശം(5) സർക്കാർ ഉത്തരവ് പ്രകാരം *"അനുകമ്പാർഹമായ സാഹചര്യത്തിൽ ശ്രീമതി.അനിത.പി.എസ്സിന്റെ അപേക്ഷ പരിഗണിക്കുകയും സമാനമായ Compassionate ground( വിധവയും ഏക പെൺകുട്ടിയുടെ അമ്മ, ആശ്രിത നിയമനം വഴി ഉദ്യോഗം ലഭിച്ചയാൾ) ഉള്ള ശ്രീമതി.ബിജി.എസ്സിന്റെ അപേക്ഷ*

*പരിഗണിക്കാതെ ഇരിക്കുകയും വീണ്ടും വിദൂരമായ സ്ഥലമായ മലപ്പുറത്തേക്ക് സ്ഥലം മാറ്റം നടത്തുകയും ചെയ്തിട്ടുള്ളത് അനുചിതമാകയാൽ ശ്രീമതി.ബിജി.എസ് സീനിയർ സൂപ്രണ്ടിനെ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റിയ നടപടി റദ്ദ് ചെയ്തു ടിയാരിയെ പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിലനിർത്താനോ അപ്രകാരം സാധ്യമല്ലാത്ത പക്ഷം ടിയാരി സമർപ്പിച്ച അപേക്ഷയിലെ ആവശ്യം പരിഗണിച്ച് അനുകൂല തീരുമാനം കൈക്കൊള്ളുവാനും അതിനനുസൃതമായി മറ്റു സ്ഥലം മാറ്റങ്ങൾ ക്രമീകരിക്കുന്നതിനും വ്യവസായ വാണിജ്യ ഡയരക്ടർക്ക് നിർദേശം നൽകിക്കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി നടപ്പിൽ വരുത്തി ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി. ബിജി.എസ്സിന് അനുയോജ്യമായ സ്ഥലം മാറ്റ നിയമനം നൽകേണ്ടതും , അതിനനുസൃതമായി മറ്റു ക്രമീകരണങ്ങൾ നടത്തേണ്ടതും അനിവാര്യമാകുന്നു* " എന്ന് ഉത്തരവായിട്ടുണ്ട് .

3. പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിലവിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്തു വരുന്നത് ശ്രീ.റമീസ്.കെ.യു ആണ്. ടിയാൻ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് 05.07.2023ന് സ്ഥാനക്കയറ്റം ലഭിച്ച് ഒരു വർഷത്തോളം പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജോലി ചെയ്തിട്ടുള്ളതും തുടർന്ന് സ്വന്തം അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം(2) പ്രകാരം പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റ നിയമനം നേടിയിട്ടുള്ളതുമാകുന്നു. ആലപ്പുഴ സ്വദേശിയായ ടിയാനെ മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റുന്നത് അനുചിതമാണ്. ആയതിനാൽ ശ്രീമതി.ബിജി.എസ്സിനെ മലപ്പുറത്തേക്ക് സ്ഥലം മാറ്റിയ നടപടി റദ്ദ് ചെയ്തു പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിലനിർത്തുന്നത് പരിഗണിക്കുവാൻ കഴിയില്ല .

4. ശ്രീമതി.ബിജി.എസ്സിന്റെ പരാമർശം(3) നിവേദനത്തിൽ സ്ഥാനക്കയറ്റ നിയമനത്തിനായി മുൻഗണന നൽകിയിട്ടുള്ളത് യഥാക്രമം ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവീസ് സെന്റർ , എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ,തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം എന്നിവിടങ്ങളിലെ സീനിയർ സൂപ്രണ്ട് തസ്തികകളിലേക്കാണ് . എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിലവിൽ ജോലി ചെയ്യുന്ന സീനിയർ സൂപ്രണ്ട് ടി സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയിട്ടില്ല. തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ശ്രീമതി.അനിത.പി.എസ്സിന് അനുകമ്പാർഹമായ കാരണങ്ങളാലാണ് നിയമനം നൽകിയിട്ടുള്ളത്. ആയതിനാൽ ഇരുവരെയും സ്ഥലംമാറ്റ ക്രമീകരണങ്ങൾക്കായി പരിഗണിക്കുന്നില്ല.

5. കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.സുനി ജോർജ്ജ് ഏഴു വർഷത്തോളം മറ്റു ജില്ലകളിൽ ജോലി ചെയ്തതിനു ശേഷം പരാമർശം(1) ഉത്തരവ് പ്രകാരം സ്വന്തം ജില്ലയായ കോട്ടയത്തേക്ക് നിയമനം നേടിയിട്ടുള്ളതാണ്. ചങ്ങനാശ്ശേരി സി.എഫ്.എസ്.സിയിൽ നിലവിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.രേഖ.എസ് 28.07.2024 ലെ പരാമർശം(1 ) ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് നിയമനം നേടി ചങ്ങനാശ്ശേരി സി.എഫ്.എസ്.സി യിലെ ചുമതലകളിൽ പ്രവേശിച്ചിട്ടുള്ളതാണ്. കൂടാതെ സർവീസ് രേഖകൾ പരിശോധിച്ചതിൻ പ്രകാരം ടിയാരി

സർവീസ് കാലയളവിൽ ഇതിനു മുൻപ് നാല് മാസം മാത്രം സ്വന്തം ജില്ലയ്ക്കു പുറത്തു ജോലി ചെയ്തിട്ടുള്ളതുമാണ് . മേൽ സാഹചര്യത്തിൽ പരാമർശം(5) ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി ശ്രീമതി.ബിജി.എസ്സിനു അനുയോജ്യമായ സ്ഥലം മാറ്റ നിയമനം നൽകുവാൻ കഴിയുന്ന ഓഫീസ്, ടിയാളുടെ അപേക്ഷയിലെ പ്രഥമ പരിഗണനയായ ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവീസ് സെന്റർ ആണെന്ന് തീരുമാനിക്കുന്നു . ആയതിനാൽ നിലവിൽ ടി ഓഫീസിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ തുടരുന്ന ശ്രീമതി.രേഖ.എസ്സിനെ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നത് അനിവാര്യമാകുന്നു.

**6** . മേൽ സാഹചര്യങ്ങളിൽ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം സീനിയർ സൂപ്രണ്ട് ശ്രീമതി.ബിജി.എസ്- നെ കോമൺ ഫെസിലിറ്റി സർവീസ് സെന്റർ, ചങ്ങനാശ്ശേരിയിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു. ഇത് മൂലം മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഉണ്ടാകുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേക്ക് കോമൺ ഫെസിലിറ്റി സർവീസ് സെന്റർ, ചങ്ങനാശ്ശേരിയിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.രേഖ.എസ്-നെയും സ്ഥലംമാറ്റം നൽകി നിയമിക്കുന്നു. ഇപ്രകാരം പരാമർശം(5) സർക്കാർ ഉത്തരവ് നടപ്പിൽ വരുത്തി ഉത്തരവാകുന്നു .

7 . സി.എഫ്.എസ്.സി ഡെപ്യൂട്ടി ഡയരക്ടറുടെ പരാമർശം(6) ഉത്തരവ് പ്രകാരം നിലവിൽ 26.01.2025 വരെ അവധിയിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി.രേഖ.എസ് സീനിയർ സൂപ്രണ്ട് , അവധി പൂർത്തിയാകുന്ന മുറയ്ക്ക് മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഹാജരായി ചുമതലകളിൽ പ്രവേശിക്കേണ്ടതാണ് .

സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം നിയന്ത്രണാധികാരി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഉത്തരവ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ് (www.industry.kerala.gov.in). ആയത് വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഉത്തരവിന്റെ പകർപ്പ് നിയന്ത്രണാധികാരിക്കും സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാർക്കും പ്രത്യേകം നൽകുന്നതല്ല.

ANIE JULA THOMAS I A S
DIRECTOR

സ്വീകർത്താവ്:- 1. ശ്രീമതി.ബിജി .എസ് , സീനിയർ സൂപ്രണ്ട്
2. ശ്രീമതി.രേഖ.എസ് സീനിയർ സൂപ്രണ്ട്
(നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:-
1. അക്കൗണ്ടന്റ് ജനറൽ(A& E), കേരള, തിരുവനന്തപുരം.
2. സി.എഫ്.എസ്.സി ഡെപ്യൂട്ടി ഡയരക്ടർ, ചങ്ങനാശ്ശേരി
3. ജനറൽ മാനേജർ , ജില്ലാ വ്യവസായ കേന്ദ്രം മലപ്പുറം
4. ഐ.റ്റി സെക്ഷൻ / ഇ.ഇ സെക്ഷൻ.

5. സ്റ്റോക്ക് ഫയൽ / അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ്

Signed by
K.r. Hiranmayi
Date: 27-11-2024 10:54:07